# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 656          04.03.2020 ലെ മറുപടിയ്ക്ക്

**മരണാനന്തര ധനസഹായം**

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണാനന്തര ധനസഹായമായി പരമാവധി എത്ര തുകയാണ് പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച് നൽകാറുള്ളതെന്നറിയിക്കുമോ; | എ) | പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ 50,000/- രൂപയാണ് ധനസഹായമായി അനുവദിച്ചു വന്നിരുന്നത്. 22.11.2018 മുതൽ പ്രസ്തുത ധനസഹായം 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) യായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | അപേക്ഷകൻ എന്തെല്ലാം രേഖകൾ ഹാജരാക്കാനാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്; അപേക്ഷ സമർപ്പിച്ച് പരമാവധി എത്ര ദിവസത്തിനകം സഹായധനം അനുവദിച്ച് നൽകാറുണ്ട്; വ്യക്തമാക്കുമോ? | ബി) | ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മരണപ്പെട്ടയാൾ കുടുംബത്തിലെ ഏകവരുമാനദായകൻ ആയിരുന്നെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, രോഗം മൂലമുള്ള മരണമാണെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, അപകടമരണമാണെങ്കിൽ തൽസംബന്ധമായ സാക്ഷ്യപത്രം ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകളിൽ പരമാവധി വേഗത്തിൽ ധനസഹായം അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**